Iron ores in Kunnatnad and Muvattupuzha taluks.

39. ***Mr. G. Narayana Aiyar** (*Parur, Kunnatnad and Muvattupuzha* cum *Devicolam*) : Will the Government be pleased to state whether they have conducted any enquiries regarding the existence of iron ores in the taluks of Kunnatnad and Muvattupuzha ?

Dr. K. L. Moudgill (*Ag. Pro-Vice-Chancellor*) : Yes.

ANNOUNCEMENT OF THE RESULTS OF THE ELECTIONS TO THE ECONOMIC DEVELOPMENT BOARD AND THE TRANSPORT ADVISORY COMMITTEE.

Chairman:—The following candidates came out successful in the elections held yesterday :

THE ECONOMIC DEVELOPMENT BOARD.

1. Mr. T. Mahomed Ismail — 18 votes
2. Mr. A. Easwara Pillai — 14 votes
3. Mr. Thomas Chandy Mukkadan — 9 votes
4. Mr. T. W. U. Park — 8 votes

(For the 4th place there was a tie between Messrs. T. W. U. Park and E. K. Kuriyppe who got 8 votes each. Lots were cast and Mr. Park came out successful.)

THE TRANSPORT ADVISORY COMMITTEE.

Mr. Kochikal P. Balakrishnan Tampi got the greatest number of votes *viz.*, 10. So he is declared elected.

ADJOURNMENT MOTION.

Mr. Thomas Chandy Mukkadan (*Nominated*) : I beg leave to move for the adjournment of the business of the House to discuss a matter of urgent public importance, *viz.*, the necessity for adopting immediate measures for improving agriculture and increasing the yield of food stuff by extending agricultural lands in order to meet the scarcity of food materials in the State as a result of the war".

സർ, ലോകത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു സാവ്തികമായി കൃഷിക്കുപറ്റിയ മണ്ണൊട്ടുകുടിയ ഈ കർഷകരാജ്യത്തു ആഹാരസാധനങ്ങളുടെ ദൗർലഭ്യത്തെ പരിഹരിക്കുന്നതിനായിട്ടുള്ള പരിചിന്തനം വേണ്ടിവന്നതു പരിതാപകരമായ ഒരു അവസ്ഥയെയാണ് കുറിക്കുന്നതു്. ജന്മസിദ്ധമായ വാസനകൊണ്ടു, പരിശ്രമശീലന്മാരായ തിരുവിതാംകൂറിലെ കർഷകജനതക്കു വേണ്ട പ്രോത്സാഹനവും, പ്രോത്സാഹനവും അവസരോചിതമായി നൽകുകയും, കൃഷി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളും ഗവണ്മെന്റിന്റെ സഹാ

LIBRARY ARCHIVES Kerala Legislative Assembly

യത്തോടുകൂടി വളരെ കാര്യക്ഷമമായി നിർവഹിക്കുകയും ചെയ്തിരുന്നുവെങ്കിൽ യുദ്ധത്തിന്റെ ഈ അഗാധവേളയിൽ, ആഹാരസാധനദൗർലഭ്യത്തെക്കുറിച്ചുള്ള ഒരു അടിയന്തിരപ്രമേയം മൂലം ഈ സഭയുടെ വിലയേറിയ സമയത്തെ വൃഥാ വ്യയംചെയ്യേണ്ടിവരികയില്ലായിരുന്നു. യുദ്ധാരംഭവേളയിൽത്തന്നെ ഇന്നാട്ടിലെ ജനങ്ങളുടെ ആഹാരസാധനങ്ങൾക്കുള്ള വിഷമതകൾക്കു തക്കതായ പരിഹാരപദ്ധതികൾ ഏറ്റവും സാമർത്ഥ്യത്തോടും ദീർഘദൃഷ്ടിയോടുംകൂടി ഗവണ്മെൻറു കൈവരിച്ചിട്ടുണ്ടെന്നുള്ള സന്തോഷസ്മരണയോടും അഭിനന്ദനത്തോടുംകൂടിത്തന്നെയാണു ഞാൻ ഈ പ്രമേയത്തെ സംബന്ധിച്ചുള്ള ഉപരിചിന്തനത്തിനായിട്ടു ഒരുങ്ങുന്നതു്. തിരുവിതാംകൂറിനു ആവശ്യമുള്ള നെല്ലിന്റെ മൂന്നിൽ ഒരു ഭാഗം പുറത്തുനിന്നുമാണു വരുത്തിക്കൊണ്ടിരിക്കുന്നതു്. യുദ്ധോപരിതസ്ഥിതിക്കൊണ്ടല്ലാ, ഇതിനു മുൻപും അങ്ങിനെതന്നെയാണു ചെയ്തുകൊണ്ടിരുന്നതു്. ഇന്നത്തെ പ്രമേയാവതാരകൻ മാത്രമല്ല ബഹുമാനപ്പെട്ട മറ്റു പല സാമാജികന്മാരും, ഇതിനു ഒരു പരിഹാരമുണ്ടാക്കാത്തപക്ഷം, ഗവണ്മെൻറും ജനങ്ങളും ഇതുപോലെയുള്ള വിഷമത്തിൽ വളരെ സഹകരിക്കേണ്ടിവരുമെന്നുള്ള മുന്നറിവു നൽകുകയുണ്ടായിട്ടുണ്ടു. ഇതിനു മുൻപുതന്നെ ഗവൺമെൻറു ഭാഗത്തുനിന്നും പ്രസ്താവിച്ചിട്ടുള്ള മറുപടികളിൽനിന്നും ഇങ്ങിനെയുള്ള വിഷമഘട്ടങ്ങളെ തരണം ചെയ്യുന്നതിനുവേണ്ട മുൻകരുതലുകൾ ചെയ്തിട്ടുണ്ടെന്നും മറുപടികൂടുണ്ടെന്നുള്ളതു തൽക്കാലത്തിൽ ആശ്വാസപ്രദമാണു്. എങ്കിലും യാഥാർത്ഥസ്ഥിതിയെ സൂക്ഷ്മാവലോകനം ചെയ്യുന്ന ഒരുവനു തിരുവിതാംകൂറിൽ ആഹാരസാധനദൗർലഭ്യം ഉണ്ടാകുകയില്ലെന്നു വിശ്വസിക്കാൻ നിവർത്തിയില്ല. കൂടുംകൃഷിചെയ്യുന്നതിനും കൃഷിഭൂമികൾ വിപുലപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ഇതുവരെ തൃപ്തികരമായ രീതിയിൽ കൈവരിച്ചിട്ടില്ലെന്നു കാണുന്നതു് ഞാൻ മേൽ പ്രസ്താവിച്ച സംഗതിക്കു ഉത്തമസാക്ഷ്യം വഹിക്കുന്നു. ശീഘ്രഗതിയിൽ ഈ രാജ്യത്തിന്റെ ആഹാരസാധനദൗർലഭ്യം നിർമ്മാർജനംചെയ്യാമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാലും ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട സഭയുടേയും ഗവണ്മെൻറിന്റേയും മുൻപാകെ ചില പ്രത്യേകസംഗതികൾ പുണ്ടിക്കാണിക്കാമെന്നു ഞാൻ ഉദ്ദേശിക്കുന്നു. നാം ഉടനടി ചെയ്യേണ്ടിയിരിക്കുന്നതു വിളവു വർദ്ധിപ്പിക്കുകയും കൃഷിഭൂമികളെ വിപുലപ്പെടുത്തുകയുമാണു്. വിളവു വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇപ്പോഴുള്ള കൃഷിസ്ഥലങ്ങളിൽത്തന്നെ കൂടുംകൃഷിചെയ്യുന്ന ശീലമുണ്ടാക്കണം. അതുപോലെതന്നെ കൂടുതൽ വിളവുണ്ടാക്കത്തക്കവണ്ണം കൃഷിക്കുയോജിച്ച ഭൂമികൾക്കും റിസർവ്വിൽനിന്നും ഒഴിച്ചുകൊടുക്കണം. വിഷമഘട്ടങ്ങളുണ്ടാകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thomas Chandy Mukkadan.]

ഉപയോഗിക്കാനായിട്ടാണു റിസർവു ഭൂമികൾ ഗവണ്മെൻറു കൈവശം വച്ചുകൊണ്ടിരിക്കുന്നതു്. ഈ സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം ഗവ. ണ്മെൻറുതന്നെ വച്ചുകൊണ്ടു, സമർത്ഥരും വിശ്വസ്തന്മാരുമായ കൃഷി ക്കാക്കു കുറേശ്ശ കുറേശ്ശ സ്ഥലം പാട്ടത്തിനൊ മറ്റൊ കൊടുത്തു അവരെ ക്കൊണ്ടു കൃഷിചെയ്യിപ്പിക്കണം. കായൽത്തീരങ്ങളിലും മറ്റുമുള്ള സ്ഥ ലങ്ങളെ കൃഷിക്കായി പാട്ടവ്യവസ്ഥയിന്മേൽ കൊടുത്തു കൃഷിചെയ്യിപ്പി ക്കണം. തിരുവിതാംകൂറിലെ നാനാഭാഗങ്ങളിലുള്ള സ്ഥിതിഗതികളെ പ്പറ്റി കൂലങ്കഷമായി ഞാൻ മനസ്സിലാക്കിയിട്ടില്ല. കുട്ടനാട്ടിനെ സംബ ന്ധിച്ചു പറയുകയാണെങ്കിൽ തരിശിടാതെ എല്ലാനിലങ്ങളും കൃഷിചെയ്യു ന്നതു പ്രായോഗികമല്ല. അതിനുള്ള കാരണം ഇവിടെ പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദീർഘകാലങ്ങളായി ഒന്നിരാടം കൊല്ലങ്ങളിൽ കൃഷിചെയ്യുന്ന പതിവാണു അവിടങ്ങളിലുള്ളതു്. നേരെമറിച്ചു ആ സ്ഥ ലങ്ങളിൽ ആണ്ടുതോറും കൃഷിചെയ്യുകയാണെങ്കിൽ അതു് നഷ്ടത്തിൽ കലാശിക്കാനെ ഇടയുള്ളൂ. ഇതരസ്ഥലങ്ങളെ അപേക്ഷിച്ചു് കുട്ടനാട്ടി ലെ കൃഷിക്കു ഒരു പ്രത്യേകതയുണ്ടു. കൃഷിക്കാർ ഒത്തൊരുമിച്ചാണു് കൃഷി ചെയ്യുണ്ടതു്. പതിനായിരംപുറനിലം ഒന്നായി കിടക്കുന്നു എന്നു വിചാ രിക്കുക. അതിൽ ൧൦൦൦ പറ നിലത്തിന്റെ ഉടമസ്ഥന്മാർക്കും കൃ ഷി ചെയ്യുന്നതിനു സമ്മതമായിരിക്കും, എന്നാൽ ൯൦൦൦ പറ നില ത്തിന്റെ ഉടമസ്ഥന്മാർ, നഷ്ടംവരുമെന്നും പറഞ്ഞു ആ തവണ കൃഷി ചെയ്യാൻ മടിക്കുന്നു. തൻമൂലം ആ പ്രാവശ്യം അവിടെ കൃഷിയെ നടക്കുന്നില്ല. എന്നാൽ അങ്ങിനെയുള്ള അവസരങ്ങളിൽ ആ ൯൦൦൦ പറ നിലം ഗവണ്മെൻറിൽ നിന്നും ഏറ്റെടുത്തു മറ്റവരുമായി യോജി ച്ചു് കൃഷിനടത്തേണ്ടതാകുന്നു. അതിൽ വല്ല നഷ്ടവുമുണ്ടായാൽ അതു് ഗവണ്മെൻറു സഹിക്കയുംവേണം. അങ്ങിനെ ചെയ്തില്ലെങ്കിൽ ഈ ൯൦൦൦ പറ നിലത്തിലെ നഷ്ടം കരുതി, ൧൦൦൦ പറ നിലവുംകൂടി കൃഷി ചെയ്യാതെ കിടന്നുപോകുന്നു. പൊതുജനങ്ങളുടെ രക്ഷക്കുവേണ്ടി ന്യൂനപക്ഷങ്ങളുടെ നന്മയെ ബലികഴിക്കാൻ ന്യായമുണ്ടു്. പക്ഷെ അ തുകൂടാതെ കഴിക്കാമെങ്കിൽ അങ്ങിനെയാണു് ചെയ്യേണ്ടതു്. പൊതുന ന്മയ്ക്കുവേണ്ടി കഷ്ടപ്പെടേണ്ടിവരുന്ന വ്യക്തികൾക്കു ഗവണ്മെൻറു് ഗ്രാ ൻറു കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. വ്യവസായതല്പര ന്മാർ മുന്നോട്ടു വന്നു് പ്രവർത്തിക്കുന്നപക്ഷം അവരുടെ ചെലവിൽ ഗണ്യ മായ ഒരു ഭാഗം ഗവണ്മെൻറുംകൂടി കൊടുക്കാമെന്നു കരാർ ചെയ്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിക്കു ഗവണ്മെൻറു ആ രീതിയിൽ കർഷകരോടും പ്രവർത്തിക്കുന്നതു ഉത്തമമായിരിക്കും. മാമൂലിനെ ത്യജിച്ചു് ത്യാഗപൂർവം മുന്നോട്ടുവരുന്ന കർഷകന്റെ രക്ഷക്കുവേണ്ടി, പൊതുജനനന്മയെ ലാക്കാക്കി, നിസ്സാര സംഖ്യ ഗ്രാൻറായിട്ടുകൊടുക്കേണ്ടതാണു്. പുറക്കാടിലും, വേമ്പനാട്ടു കായലിലെ ചില സ്ഥലങ്ങളിലും, പുളിരസമുള്ളതുകൊണ്ടു അവിടെ കൊല്ലം തോറും കൃഷിചെയ്താൽ നെല്ലുമുഴുവൻ കരിഞ്ഞുപോകുന്നതും അതിന്റെ റീഅക്ഷൻ, നാലഞ്ചു കൊല്ലംകൂടി നിലനിൽക്കുന്നതുമാകുന്നു. അങ്ങിനെയുള്ള സ്ഥലങ്ങളിൽ കൃഷിചെയ്താൽ നഷ്ടം സംഭവിക്കും. അതുകൊണ്ടു് അതിനായി വേണ്ട പ്രതിവിധികൾ ഗവണ്മെൻറിൽ നിന്നുംകണ്ടുപിടിക്കേണ്ടതാണു്. എന്റെ അഭിപ്രായത്തിൽ, ഈ നിലങ്ങൾക്കുവേണ്ടിവരുന്ന വളം ഗവണ്മെൻറുതന്നെ വില കൊടുത്തുവാങ്ങി. അവക്കു സപ്ലൈ ചെയ്യുന്നതായാൽ മേൽപറഞ്ഞ നഷ്ടം ഉണ്ടാകയില്ലാ എന്നാണു്.

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു, കുട്ടനാട്ടിൽ കൃഷി ചെയ്യുന്നതു് അവിടുത്തെ ജന്മികളല്ലാ. അവിടെ കൃഷി ചെയ്യുന്നതു് പാട്ടക്കാരാണു്. പാട്ടക്കാരനായ കർഷകനു്, അയാൾക്കു ഒരു മുത്ത കങ്കാണിയുടെ സ്ഥാനമല്ലാതെ, ഒരു മുതലാളിയുടെയൊ, ജന്മിയുടേയൊ സ്ഥാനമില്ല. അങ്ങിനെയിരുന്നാലും, വിളവിന്റെ കൂടുതൽ കുറവിനെ പരിഗണിക്കാതെ പാട്ടസംഖ്യ മുഴുവനും ആണ്ടുതോറും അയാൾ കൊടുക്കണമെന്നാണു വ്യവസ്ഥ. "കേട്ടപിഴപറയാതെ മുതലാളിയുടെ അറമുറി വായ്ക്കൽ പാട്ടനെല്ലു മുഴുവനും കൊണ്ടുത്തുകൊള്ളണം"! എന്നാണു് പാട്ടച്ചീട്ടിലെ വ്യവസ്ഥ. ഈ വ്യവസ്ഥ അനുസരിച്ചു് പാട്ടം കൊടുക്കാതിരുന്നാൽ സിവിൽകോടതി മുഖാന്തിരം വ്യവഹാരപ്പെട്ട സംഖ്യ ഈടാക്കുന്നു. മയാലുക്കളായ അപൂർവംചില മുതലാളിമാരെ ഒഴിച്ചാൽ ഭൂരിപക്ഷം ആളുകളും ഷയിലോക്കൻ സംപ്രദായത്തിലാണു് പാട്ടക്കാരോടു വർത്തിച്ചുവരുന്നതു്. വിളവുണ്ടായാലുംശരി, ഇല്ലെങ്കിലുംശരി, പാട്ടസംഖ്യ മുഴുവനും വാങ്ങിക്കണമെന്നുള്ള അഭിപ്രായക്കാരാണു് നിലമുടമസ്ഥന്മാരിൽ ഭൂരിപക്ഷവും. രണ്ടാണ്ടിൽ ഒരിക്കൽതന്നെ കൃഷി ചെയ്താലും നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയ്ക്കു ആണ്ടു തോറുംകൃഷിചെയ്യണമെന്നു് പാട്ടക്കാരെ നിർബന്ധിച്ചാൽ പല കർഷകരും കൈവശം ഇരിക്കുന്ന നിലങ്ങൾ ഒഴിയേണ്ടിവരും. പാട്ടക്കാരുടെ പക്കൽ നിന്നുംനിലം ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചും പാട്ടസംഖ്യയേപ്പറ്റിയും ഗവണ്മെൻറിൽനിന്നും ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നാണു എന്റെ അഭിപ്രായം. തൊഴിലാളികൾ പ്രക്ഷോഭണം ഉണ്ടാക്കുമ്പോൾ കായ്ങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thoms Chandy Mukkadan,]

യഥാർത്ഥനില മനസ്സിലാക്കാതെ അവരുടെ കൂലി നിർണ്ണയം ചെയ്യുന്നതിനു കാരണവും പ്രദർശിപ്പിക്കുന്ന ഗവണ്മെൻറ് രാജ്യത്തിൻറെ കലവറയാകുന്ന കുട്ടനാട്ടിലെ കർഷകൻറെ നഷ്ടത്തിനു പരിഹാരം ഉണ്ടാക്കുവാനുള്ള നിയമം നടപ്പിൽ വരുത്തുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്ന് ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. കുട്ടനാട്ടിലെ ഇന്നുകാണുന്ന മുതലാളിതൊഴിലാളി വഴക്കു വസ്തുഉടമസ്ഥന്മാരും കൂലിക്കാരുമായിട്ടല്ല. കാര്യം മനസ്സിലാക്കാതെ പാവപ്പെട്ട തൊഴിലാളി അവനേക്കാൾ ഒട്ടും ഭേദമല്ലാത്ത കർഷകനോടാണു കലഹിക്കുന്നത്, അവിടത്തെ കർഷകതൊഴിലാളികൾ കൂലിക്കൂടുതലിനായി സ്ട്രൈക്കു ഉണ്ടാക്കി. ഇതിൻറെ പ്രവർത്തകന്മാരേയും പ്രചാരകന്മാരേയും ഞാൻ കണ്ടു കാര്യം മനസ്സിലാക്കി. അവർ അതു് ഗൗനിച്ചില്ല. പ്രക്ഷോഭണം മുത്തപ്പോൾ ഗവണ്മെൻറ് ഇടപെട്ടു. അവർ ആവശ്യപ്പെട്ടതുപോലെ കൂലി നിരക്കു് ന്യ ചക്രം എന്നു തീരുമാനിച്ചു. കുട്ടനാട്ടിൽ സമയഭേദംപോലെ ആറു മുതൽ പന്ത്രണ്ടുചക്രംവരെ വിലക്കുള്ള കൂലിയാണ് ഒരാൾക്കു കിട്ടിക്കൊണ്ടിരുന്നതു്. തൊഴിലാളി പ്രവർത്തകന്മാരും ഗവണ്മെൻറും കാര്യം അറിയാതാണു പ്രവർത്തിച്ചതെന്നു ഇതു വസ്തുത തെളിയിക്കുന്നു. കൂലിയുടെ തോതു നിശ്ചയിച്ചതുപോലെതന്നെ കൂലിചക്രമായി സ്ഥിരപ്പെടുത്തിയതും തെറ്റാണു്. കുട്ടനാട്ടിലെ കർഷകതൊഴിലാളികളുടെ കൂലി സാധാരണ നെല്ലായിട്ടാണു കൊടുത്തു പോരുന്നതു്. കൂലിവ്യത്യാസം നിശ്ചയിക്കേണ്ടതു ആവശ്യമായിരുന്നെങ്കിൽ തന്നെയും അതു നെല്ലായിട്ടാണു് വേണ്ടിയിരുന്നതു.

തിരുവിതാംകൂറിലെ അരിവെയ്പുകാരുടെ ജോലിസമയം ക്രിപ്പ്പ്പെടുത്തുന്നതും ശമ്പളം നിശ്ചയിക്കുന്നതും എത്രത്തോളം അബദ്ധവും അപ്രായോഗികവുമാണോ അതുപോലെതന്നെയാണു കർഷകതൊഴിലാളിയുടെ വേലക്രമിയും സമയവും നിശ്ചയിക്കുന്നതു്. കുട്ടനാട്ടിലെ കർഷകതൊഴിലാളികളുടെ നേതൃത്വം വഹിക്കുന്നതു ചില കണ്ണൂവൈദ്യന്മാരും മറ്റുമാണു്. ഗവണ്മെൻറ് കാൺഫറൻസിൽ അത്തരക്കാരുടെ അഭിപ്രായങ്ങൾ അടിച്ചുപ്രവർത്തിച്ചതു് അത്ഭുതാവഹമായിരിക്കുന്നു.

കുട്ടനാട്ടിലെ കർഷകതൊഴിലാളി വഴക്കു തീർക്കുന്നതിനു നടന്ന കാൺഫറൻസിൽ എനിക്കു സംബന്ധിക്കുവാൻ സാധിച്ചില്ല. കുട്ടനാട്ടിലെ തൊഴിലാളികളുടെ നന്മയ്ക്കുവേണ്ടി ദീർഘനാളായി പ്രയത്നിച്ചുകൊണ്ടിരുന്ന ഒരു കർഷകനാണു ഞാൻ. എന്നെ അവരുടെ ഒരു തർക്കം തീരുമാനി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനുള്ളായ ആലോചനയിൽ സംബന്ധിപ്പിക്കാതിരുന്നതെന്തുകൊണ്ടോ യിരിക്കാമെന്ന് ആലപ്പുഴ താമസക്കാരനാം ഈ ആലോചനസ്സ് ക്ഷണിക്ക പ്പെട്ടിട്ടില്ലാത്തിരുന്ന അളുമായ ഒരു ജനപ്രതിനിധിയോട് ഞാൻ ചോ ദിച്ചപ്പോൾ കിട്ടിയമറുപടി "നാം കാൺഫറൻസുകൂടുന്നഉദ്യോഗസ്ഥനെ യജമാനൻ എന്നു വിളിക്കയില്ല, എന്നു കരുതിയായിരിക്കാം നാമതു ക്ഷണിക്കാതിരുന്നത്", എന്നായിരുന്നു. ആലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം, അമ്പലപ്പുഴ, പുളിംകുന്നു മുതലായ സ്റ്റേഷൻ അതിർത്തികളിൽ ധാരാളം കർഷകതൊഴിലാളികൾ ഉണ്ടെങ്കിലും പ്രത്യേകിച്ചും ആലപ്പുഴ അ തിർത്തിയിൽ മാത്രം സ്ത്രൈക്കും കയ്യേറ്റവും ഉണ്ടാകുന്നതിന്റെ കാരണം എന്തെന്ന് ഞാൻ ചോദിച്ചുകൊള്ളുന്നു. സ്റ്റേറ്റുകാൺഗ്രസ്സ് പ്രവർത്ത നങ്ങളെ സംബന്ധിച്ചു കഴിഞ്ഞ കൊല്ലം നവിടെ വന്ന ഒരു അടിയന്തി രപ്രമേയത്തെപ്പറ്റി ഞാൻ പ്രതിപാദിക്കയിൽ, അപ്രവർത്തകന്മാർ കുപ്പക്കോലും, അരിയും കൊടുത്തു കൊണ്ടു, കമ്മ്യൂണിസത്തിന്റെയും സോഷ്യലിസത്തിന്റെയും വിത്തുകളെ തൊഴിലാളികളുടെ ഇടയിൽ വി തയ്ക്കുന്നു എന്നും, അതു് ഗവണ്മെന്റു ഗ്രഹിച്ചു പരിഹാരം നോടണ്ട താണെന്നും മുന്നിക്കാണിച്ചിരുന്നതാണ്. അന്നു ഗവണ്മെന്റ് അതു വകവെച്ചില്ല. ഇന്നാണു അതിന്റെ ഫലങ്ങൾ കാണുന്നതു.

ഭക്ഷണസാധനങ്ങൾ ഉൽപാദിപ്പിക്കുന്നതിനുവേണ്ടി റിസർവു വ നങ്ങളിലുള്ള ഭൂമികൾ കൃഷിക്കായി വിട്ടുകൊടുക്കണമെന്നു പല മെംബ റന്മാരും അഭിപ്രായപ്പെടുകയുണ്ടായി. എനിക്കു തോന്നുന്നതു്, അപ്രകാര മുള്ള സ്ഥലങ്ങൾ വല്ല സിൻഡിക്കേറിനോ. പരസ്പരസഹായസംഘ ങ്ങൾക്കോ കൊടുക്കുന്നതായിരിക്കും കൂടുതൽ പ്രയോജനമായിട്ടുള്ളതു് എന്നാണ്. വിദ്യാഭ്യാസമുള്ളവർ ഇതിലേക്കുമൻപോട്ടു വരികയാണെങ്കിൽ അവർക്കു പ്രത്യേക സൗജന്യങ്ങൾ നൽകുകയും വേണ്ടിവന്നാൽ മൂലധനം തന്നെയും ഗവണ്മെന്റിൽ നിന്നു് കൊടുക്കയും ചെയ്യേണ്ടതാണ്. അങ്ങി നെ ചെയ്യുന്നപക്ഷം വിദ്യാസമ്പന്നരായ യുവാക്കന്മാരുടെ തൊഴിലില്ലാ യ്മ പരിഹരിക്കുകയും, കൂടാതെ കൃഷിത്തൊഴിൽ മാന്യതയുള്ളതാണെന്നു പ്രത്യക്ഷപ്പെടുത്തുകയും ചെയ്യാം. ഏകദേശം കാൽശതാബ്ദത്തോളമായി ഈ രാജ്യത്തു് കൃഷി ഡിപ്പാർട്ടുമെന്റു പ്രവർത്തനം തുടങ്ങിയിട്ടു്. വ്യ കതിപരമായ ചിന്തക്കു അതീതമായി നോക്കുന്നപക്ഷം, ഈ ഡിപ്പാർട്ട മെന്റുകൊണ്ടു പറയത്തക്കഫലങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നു പ്രസ്താവി ക്കാതിരിക്കാൻ നിവർത്തിയില്ല. കൃഷിയുടെ മാഹാത്മ്യത്തെ മനസ്സിലാ ക്കാത്തതുകൊണ്ടാണു് ഈ ഡിപ്പാർട്ടുമെന്റിനെ ഇപ്പോഴും ഒരു മൈനർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thomas Chandy Mukkadan.]

ഡിപ്പാർട്ടുമെൻറായി തള്ളിയിരിക്കുന്നതു്. ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിന്നും ഈ ഡിപ്പാർട്ടുമെൻറിനെ ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കി കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി, കർഷകക്കു് ആവശ്യമുള്ള ധനസഹായം ചെയ്യാൻ ഒരു തുകകൂടി കൊടുത്തു് അതിനെ വിപുലപ്പെടുത്തണമെന്നു അപേക്ഷിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. T. Mahomed Ismail (*Nominated*) : "നജമാനൻ" എന്നു വിളിക്കയില്ലെന്നു് സംശയിച്ചാണു് മെംബറെ ക്ഷണിക്കാതിരുന്നതു്, എന്നു പറഞ്ഞ ആർ ആരാണെന്നു മെംബർക്കു് അറിയാമോ?

Mr. Thomas Chandy Mukkadan : ആ ഞള്ളിനെപ്പറ്റി എനിക്കു് അറിയാൻ പാടില്ല.

Mr. Kochikal P. Balakrishnan Tampi : Sir, in addition to the eloquent words of Mr. Mukkadan, I would merely state that I do not wish to be accused of preaching to the converted. As far as Government are concerned, and from the statements made on the floor of this House and elsewhere we full well know that they do realise the gravity of the present situation. With the remedies that have been suggested by my honourable friend I am more or less in agreement. But when he advocates the most uneconomical and revolutionary remedies I am afraid I cannot agree with my honourable friend. Under the excuse of war situation it would be really unwise and uneconomical to destroy the forests which we have been for long trying to conserve. It is no good to cast lustful eyes on our forests. I would rather in this connection advocate Government trying to acquire back all the lands that have been unwisely registered in the past. And I would also very strongly object to the registering of more of the backwater areas. Apart from the scenery value of these backwaters I am of the view that the registry of the Kayal lands has resulted in disproportionate loss to us in the matter of fish wealth of the country. Moreover as a possible reserve and escape for the surplus waters during monsoons these Kayal lands ought to be more zealously conserved. The problem has to be remedied in this manner. During the boom period about 25 or 30 years ago there was a lot of speculation some of which bordered on criminality. People who had absolutely no stake in the country found it very profitable to register 1000 or 1500 acres of land on nominal tharavila making it an excuse for systematic exploitation of timber in those forests thus exposing the tracts to the ruinous process of erosion. In many cases they have eventually given up the land also. Therefore what I suggest is that some legislation should be enacted by which it should be made criminal if any registry holder keeps his lands uncultivated.

LIBRARY ARCHIVES Kerala Legislative Assembly

Mr. Puthupally S. Krishna Pillai (*Legal Remembrancer to Government*): Is such a legislation possible in the case of lands already assigned for which the Pattadar has become the full owner?

Mr. Kochikal P. Balakrishnan Tampi: I am sorry I should preach a homily to the Legal Remembrancer regarding the powers of the Law. For the information of the Legal Remembrancer I may say that the legislature in Travancore is competent, with the Royal assent to pass any law which will directly or indirectly affect the life, the property or the contracts of the citizen inhabiting Travancore.

Mr. T. W. U. Park (*Travancore Planters*): May I know from the honourable member whether legislation of a discriminatory nature can be passed?

Mr. Kochikal P. Balakrishnan Tampi: Sir, that is a matter of opinion. For that matter, the Penal law is discriminatory and adversely affects murderers and thiefs. The law also cuts the freedom of individuals to indulge even in certain over-romantic activities. So, Sir, it is a matter of opinion. It is the supreme power of legislation. I cannot now quote chapter and verse in illustration but there has been a law in England to this effect. I do not know how far it has been put into effect. Therefore what we should do now is to effect a change in the present law giving the registry holders sufficient notice and asking them to cultivate their lands which have been left uncultivated. I am certain that officers should be invested with summary powers to punish those who violate the law. I do not mean to say that this must be applied to the whole uncultivated area. Those areas which can be kept apart as real private forests, parks etc., may be exempted from the operation of this law. I need not expatiate further when there is such an able Legal Remembrancer to go into the details of form and draftsmanship. In some manner the problem has to be solved.

As regards the question of opening of the forests for cultivation I think the Forest Department is willing to concede provided the safety and conservation of forests are assured. It is a very useful suggestion made by Mr. Mukkadan. Lands from the forest area can be given on some sort of lease or on what is known as *taungya* system. If something is done similar to that at this juncture to try to enlarge the area for cultivation consistent with the safety and interests of the forests, it would considerably ease the situation.

But I am not aware how far the forest authorities can legitimately meet the wishes of the people in this matter. I am glad that my friend Mr. Mukkadan referred to the relationship between

LIBRARY ARCHIVES Kerala Legislative Assembly

the landlords and the tenants in Kuttanad. I also lay emphasis that the relationship of the landlord and the tenant has become rather difficult. But I lay emphasis on the question for this reason: It is the so-called landlords' plight that is more pitiable than the lessee's and I am not sufficiently read, as my friend Mr. Mukkadan, to suggest that there must be uniformity of rates, and that by legislation the lessees and the landlords should be restricted from their normal freedom of contract. If that is done, certainly, it would be to the advantage of the landlords. I am of the view that he was slightly unconsciously exaggerating matters. In the Kuttanad area there is no big zamindar; all are more or less petty landlords, owning at best a few acres. To use the language of Russia or of Medieval England landlordism and tenantry, rack-renting and all those things would go in very well for the setting of a socialistic preacher; but regard being had to the realities of the situation the language cannot be applied to small landlords, most of whom are cultivating their own lands and are not unfortunate enough to lease their lands to a class of lessees, who, on every occassion would come and plead *vis major* for not paying their rent.

I am also glad that my friend Mr. Mukkadadan drew the attention of this House to a very, very, grave matter. He could not be more explicit neither do I wish to be more so—because of the usual bureaucratic way of dealing with us, lest tomorrow a free man like myself should have to go behind the legal officers of the Government with materials, with documents, with attested copies and with witnesses. Therefore, discretion is the better part of parliamentary art also. (*laughter*). As far as Alleppey is concerned, I am also very reliably informed that some officers of the Government were deliberately creating a situation with perhaps a very laudable object of securing some good remarks from the Government. Creating a situation in order to overcome it is a very familiar art especially with those who are entrusted with the rather demonstrative part of the Governmental work. It was playing with fire. Half educated young men were persuaded to move among the poor workers who were earning some sort of scanty livelihood and inflaming them against doing honest work. I am well aware that the situation of the agricultural workers needs some improvement but it is highly mischievous to start the work of agitation at about the sowing time. It is disservice both to the landlords and to the labourers themselves. It is indeed very, very suggestive that the area most affected was the particular area referred to by my friend. Several persons have told me that they would deem it a very great service that their representatives could do for them if they would only make the Government understand that they would be very

LIBRARY ARCHIVES Kerala Legislative Assembly

thankful if the departmental officers are not so solicitous about them, in the sense that these labourers were not set against them. I will be unfair to those Government officers if I were to say that they meant any harm to the people—they never meant any harm. They merely wanted to make themselves indispensable at the particular spots. And the whole situation was stage-managed—District Magistrates' urgent telephone calls regarding labour situation, police officers' confidential reports and parades—all good enough on holidays and ceremonial occasions, but when it refers to the food of the people of the area for the next season, the matter is rather serious, if not tragic. There it is my trust that the Government would look into the matter from the point of view brought to the attention of Government by my friend Mr. Mukkadan and myself.

Mr. K. M. Kesavan : It gives me very great pleasure to support this motion which deals with the increase of the output of foodstuffs, without which none of us can live. I think it would be correct if I say that 99 per cent of the population of any country will rest satisfied provided they are able to get foodstuffs in sufficient quantities. Therefore, it is a matter of the utmost importance, particularly at this juncture, that we should strive our utmost ability to increase the output of foodstuffs. Everybody knows that Travancore in spite of its efforts has not yet been able to produce foodstuffs in sufficient quantities to meet the demands of her people. A few years ago Government was rather very reluctant in the matter of dealing with this question. But now the outlook is changed.

I would submit certain suggestions for the increase of the output of foodstuffs. Wherever we have single-crop-lands, attempts may be made, as is now being made in Kunnathnad taluk, to convert them into double-crop-lands. More lands should be brought under cultivation as was referred to by my honourable friends Mr. Mukkadan and Mr. Tampi. Although I am reluctant to enter the preserves of the forest, I think we need not be afraid where without doing any injury to the rainfall, wherever lands are available in reserve forests which may be useful for paddy cultivation, they may be registered away, to be brought under cultivation. Then again, there are vast tracks of land owned by private individuals which now lie fallow, that is, without any cultivation being carried on. Such things should not be allowed to continue and the owners of those lands should be penalised if they continue to be so. As my friend Mr. Balakrishnan Tampi suggested, legislation may be made to make it penal in these cases.

There are certain backwaters which may be reclaimed. I am aware that all the areas in the backwaters should not be converted into paddy lands and that sufficient areas must be reserved to withstand the effects of the floods and for communication ; but the

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. M. Kesavan]

rest, wherever possible and feasible, may be reclaimed and paddy cultivation may be carried on there. An instance in point is the Kayamkulam backwater which has an area of approximately about 20 square miles, that is, more than 12,000 acres. So also near Thottapally, there is a large tract of marshy land called the Karinilam (കരിനിലം). This also comprises about three to four hundred acres and may be easily converted into useful arable lands.

Mr. T. K. Kittan : (*Vaikom, Kottayam and Chaganacherry cum Peermade*): കായംകുളത്തിനടുത്തു കരിനിലങ്ങളം ഉണ്ടെന്നു പറയുന്നു. കരിനിലത്തിൽ കൃഷിചെയ്താൽ വിളവുണ്ടാകയില്ലെന്നു വേറൊരുമെമ്പർ അഭിപ്രായപ്പെട്ടു. ഇപ്പോൾ അതിൽ കൃഷിചെയ്യാൻ വേണ്ട സൗകര്യങ്ങൾ നൽകണമെന്ന് മെമ്പർ ആവശ്യപ്പെടുന്നു. ഇതിൽ ഏതാണ് വേണ്ടതെന്ന് എനിക്ക് അറിഞ്ഞാൽകൊള്ളാം.

Mr. K. M. Kesavan : തോട്ടപ്പള്ളിക്കു സമീപം കരിനിലങ്ങൾ ഉണ്ടെന്നാണ് ഞാൻ പറഞ്ഞതു്. ആ സ്ഥലം കൃഷി ചെയ്യുന്നോക്കിയതിൽ നെല്ലുണ്ടാകുന്നു എന്നു തെളിഞ്ഞിട്ടുണ്ട്. ആ അനുഭവത്തെ ആസ്പദമാക്കിയാണ്, ഞാൻ പറഞ്ഞതു്. അങ്ങനെയുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്താൽ നല്ല വിളവു് സിദ്ധിയുമെന്നാണ് എന്റെ അഭിപ്രായം.

Mr. T. K. Kittan : ആദ്യം പറഞ്ഞ മെമ്പർ നണയാണൊ പറഞ്ഞതു്.

Mr. K. M. Kesavan : എന്തോ എനിക്കു് ആതു് അറിയാൻ പാടില്ല. നണയും നേരും രണ്ടും തിരിക്കാൻ എനിക്കറിഞ്ഞുകൂടാ.....

Then there are other things for which Government help is quite necessary; that is permanent improvements of irrigation such as constructing bunds, spill-ways and locks and also opening new canals or improving old canals which are already silted up.

Mr. Kochikal P. Balakrishnan Tampi : Is the honourable member aware that even during wartime, very great attention is paid in the matter of going ahead with irrigation works?

Mr. K. M. Kesavan : Oh yes. But that is not enough. We have not done enough. We must do more. That is what I say. At Thottappally the necessity of a spill-way has been stressed many times on the floor of this House, but I do not know whether Government have taken any action on it.

There is also the necessity of the construction of a permanent bund at Pathiyoor to safeguard the cultivation of the Punja fields which cover an area of about 20,000 acres. Here also the Government have not paid the attention that they should pay. Such things

LIBRARY ARCHIVES Kerala Legislative Assembly

as these also should be taken up in hand, and money as far as possible, should be advanced not only from ryots but mostly from Government. A policy, I understand, is being pursued, that for the constructions of permanent irrigation works such as these, half the expenses should be met by ryots. It may be quite possible in days of plenty, but in these days of hardship, to call on the ryots to make a payment for such irrigational work would be too hard. So, what the Government should do on occasions like these would be to meet the whole expense themselves and then to call upon the ryots whose lands are benefited to make payments up to fifty per cent. in convenient instalments. Agricultural loans also will have to be advanced from Government. The present system of giving agricultural loans will have to be a little changed. I suggest that a sufficient fund may be set apart for giving agricultural loans and these loans may be advanced to the ryots, not directly as it is being done now or as was being done, but may be given to the people who are members of co-operative societies. Happily enough we have the Agricultural Department and the Co-operative Department united under one person ; and I am very glad, Sir, to observe that he is a man of imagination, pluck and capacity, and in his time all these suggestions made in this House will bear fruit. So, again calling upon Government to give their best attention on all these improvements which I have suggested, I support the motion.

Mr. E. K. Kuriyppe (*Parur Kunnatnad and Muvattupuza cum Peermade*): സർ, തിരുവിതാംകൂറിലെ ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി എത്രംതന്നെ പ്രവർത്തിക്കുന്നതിനുള്ള നല്ലമനസ്സും തൽപരതയുമുള്ള ഇന്നത്തെ ഗവണ്മെൻറു ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു പ്രത്യേകം ചിന്തിക്കുന്നുണ്ടെന്നുള്ളതു് സന്തോഷാവഹംതന്നെ. നമുക്കാവശ്യമുള്ള ഭക്ഷണസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി, ഗവണ്മെൻറു യുദ്ധം തുടങ്ങുന്നതിന് മുൻപേതന്നെ പല പദ്ധതികളും നടപ്പിലാക്കാൻ ചിലതെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതു് ഞങ്ങൾ എല്ലാം സ്മരിക്കുന്നുണ്ടു്. എന്നാൽ വിളവു വർദ്ധിപ്പിക്കുക എന്നുള്ളതു ഈ ഘട്ടത്തിൽ എളുപ്പം സാധിക്കുമെന്നു് എനിക്കു് തോന്നുന്നില്ല. ലിഫ്റ്റു് ഇറിഗേഷൻ മുതലായ്വകൊണ്ടു് വിളവു വർദ്ധിപ്പിക്കാമെന്നു ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടു്. തൽക്കാലം അതു് നടക്കുകയില്ലെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു തൽക്കാലം ഈ കാര്യസാദ്ധ്യത്തിനായി കൂടുതലായിട്ടു ഭൂമി പതിച്ചു കൊടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഭൂമി പതിച്ചു കൊടുക്കുന്നതു്; എൻെറ മാന്യസ്നേഹിതൻ മി. ബാലകൃഷ്ണൻതമ്പി പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K Kuriyppe.]

പോലെ ആയിരം ഏക്കർ, അഞ്ഞൂറേക്കർ ഇങ്ങനെ കൊടുക്കാതെ ഒന്നോ രണ്ടോ ഏക്കർ വീതം, വസ്തുക്കരം യാതൊന്നും ഇല്ലാത്ത ആളുകൾക്കു പതിച്ചുകൊടുക്കുന്നതു് നന്നായിരിക്കും. തന്നത്താൻ കൃഷി ചെയ്യുന്നവക്കാണു അങ്ങിനെ കൊടുക്കുന്നതെങ്കിൽ അതു് ഏറ്റവും നല്ലതാണു്. ഡിപ്പാർട്ടുമെൻറിന്റെ പരിഷ്കൃതമായ കൃഷിസംപ്രദായംകൊണ്ടു നെല്ലുവിളവു വേണ്ടതു വർദ്ധിപ്പിക്കാൻ സാധിക്കുകയില്ലെന്നാണു ഞാൻ പറയുന്നതു്. കൃഷിഡിപ്പാർട്ടുമെൻറു വളരെ കൊല്ലങ്ങളായി പലവിധത്തിലുള്ള പദ്ധതികളും നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടു വരുകയാണു്. എന്നാൽ ഇതുവരെയും വിളവു വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. വിളവു വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഈ ഘട്ടത്തിൽ പ്രത്യേകിച്ചു ചെയ്യേണ്ടതു കൂടുതൽ സ്ഥലങ്ങൾ കൃഷിക്കു വിട്ടുകൊടുക്കുകയാണു്. എന്നാൽ ഇങ്ങനെ കൂടുതൽ സ്ഥലങ്ങൾ പതിച്ചുകൊടുക്കുമ്പോൾ, വലിയ ഉദ്യോഗസ്ഥന്മാരും ചിലപ്പോൾ അനുദ്യോഗസ്ഥന്മാർ തന്നെയും അതിനുവേണ്ടി ശ്രമിക്കും. എന്നാൽ ഇന്നത്തെ ചീഫ് സെക്രട്ടറി അവർകൾ തൻറേടവും ധീരതയും ഉള്ള ഒരാളും, തിരുവിതാംകൂറുകാരനും, തിരുവിതാംകൂറിനെ സംബന്ധിച്ചു കൂടുതൽ വിവരങ്ങളും അറിയാവുന്നയാളുമായതുകൊണ്ടു്, ഭൂമി പതിച്ചുകൊടുക്കുന്നവിഷയത്തിൽ അപ്രകാരമൊന്നും വരുകയില്ല എന്നാണു് എന്റെ വിശ്വാസം.

Mr. Kochikal P. Balakrishnan Tampi: May I know how he is brave? Was he in the Army?

Mr. E. K. Kuriyppe: ഏതു കാര്യത്തിനും ധീരത ആവശ്യമാണു്. ധൈര്യമുണ്ടെങ്കിൽ മാത്രമെ കാര്യങ്ങൾ തൻറേടമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അല്ലാതെ യുദ്ധത്തിനു പോയിട്ടുള്ളതായിട്ടും മറ്റും ഞാൻ പറഞ്ഞില്ല.

കുറെകൊല്ലങ്ങളായി ചീഫ് സെക്രട്ടറിമാർക്കു കൂടുതൽ അധികാരങ്ങൾ ലഭിച്ചിട്ടുള്ളതായിക്കാണുന്നു. ചീഫ് സെക്രട്ടറിമാർ സർക്കീട്ടുകൾ നടത്തുന്നു. ഫ്രാൻസ്-ൽ ചീഫ് സെക്രട്ടറി സർക്കീട്ടുപോയപ്പോൾ പുറമ്പോക്കിൽ താമസിക്കുന്നവർ പ്രവേശിച്ചിരിക്കുന്നതായും അവരുടെ പേരിൽ പുറംപോക്കുസംബന്ധമായ കേസ്സുകൾ എടുക്കണമെന്നു തഹശീൽദാരന്മാർക്കു് എഴുതി അയച്ചതായും അറിയുന്നുണ്ടു്. ഇതിനെ സംബന്ധിച്ചു എനിക്കു ഒരു അഭിപ്രായം പറയാനുണ്ടു്. തരിശുസ്ഥലങ്ങളിൽ അതായതു പതിച്ചുകൊടുക്കാവുന്ന ഗവണ്മെൻറു സ്ഥലങ്ങളിൽ താമസിക്കുന്ന പു

LIBRARY ARCHIVES Kerala Legislative Assembly

വേശിച്ച ദേഹണ്ഡംചെയ്യുകഴിയുമ്പോൾ, അനുവാദംകൂടാതെ സ്ഥലത്തു പ്രവേശിച്ച എന്നു പറഞ്ഞു ശിക്ഷണ നടപടികൾ നടത്തിവരുന്നുണ്ട്. അങ്ങനെയുള്ള നടപടികൾ ആളുകളെ കൃഷിക്കു പ്രോൽസാഹിപ്പിക്കയല്ല ചെയ്യുന്നതു്. നേരെമറിച്ചു കൃഷിചെയ്യുന്നതിനു പലതരത്തിൽ ഉൽസാഹിപ്പിക്കുന്നതിനു പകരം അവക്കു തടസ്ഥം ഉണ്ടാക്കുകയാണു് ചെയ്യുന്നതു്. അതു കഷ്ടമാണു്. ഞാൻ ഈ സഭയിൽ പലപ്പോഴും പ്രസ്താവിച്ചിട്ടുള്ള മാതിരി ഇപ്രകാരമുള്ള ഭൂമിയുടെ തറവില നിശ്ചയിക്കുന്ന രീതിയും തൃപ്തികരമല്ലാ. ഭൂമിയിലെ ദേഹണ്ഡം അനുസരിച്ചാണു തറവില നിശ്ചയിക്കുന്നതു്. അങ്ങനെ ചെയ്താൽ കൃഷി ചെയ്തു അനുഭവിക്കുവാൻ അധികംപേക്കും സാധിക്കയില്ല. വിലപിടിപ്പുള്ള ദേഹണ്ഡം ചെയ്തിരിക്കുന്ന ഭൂമിയിൽ കൂടുതൽ സംഖ്യ തറവില ചുമത്തുന്ന രീതി ആശാസ്യമല്ല.

Mr. Kochikal P. Balakrishnan Tampi : Sir, if what the honourable member says is that rules regarding trespass should be relaxed, is there not the risk of the open area in front of the Public offices being squatted upon by enterprising people for *bona-fide* cultivation?

Mr. E. K. Kuriyppe : മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

Mr. Kochikal P. Balakrishnan Tampi: ഇപ്രകാരമുള്ള പുറംപോക്കിലുള്ള പ്രവേശനം ഒരു കുറ്റകരമായ പ്രവർത്തിയല്ലെന്നു വരുത്തിയാൽ പുത്തൻകച്ചേരിക്കു മുൻവശത്തുള്ള തുറന്ന സ്ഥലത്തു കൃഷിചെയ്യാൻ ചിലർ പ്രവേശിച്ചു എന്നു വരുകയില്ലയോ എന്നാണു എന്റെ ചോദ്യം?

Mr. E. K. Kuriyppe: പതിച്ചുകൊടുക്കാവുന്ന തരിശുഭൂമി പ്രവേശനക്കാർക്കു് പതിച്ചുകൊടുക്കണമെന്നു പറയുമ്പോൾ തരിശു, പുറമ്പോക്കു, ഡിപ്പാർട്ടുമെൻറൽ സ്ഥലം ഇവ എന്താണെന്നു മനസ്സിലാക്കുവാൻ സാധിക്കാതെ ഒരു ലായറായ എന്റെ മാന്യസ്നേഹിതൻ ഇങ്ങനെ പറയുന്നതിൽ ഞാൻ അതിശയിക്കുന്നു.

തരിശു ഭൂമികളിൽ പ്രവേശിക്കുന്നതിനെ ഗവണ്മെൻറു തടസ്ഥപ്പെടുത്തുന്നതു്. പതിച്ചുകൊടുക്കുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി വളരെ ക്ലേശങ്ങൾ സഹിച്ചു ദേഹണ്ഡിച്ചു കഴിയുമ്പോൾ ഗവണ്മെൻറു പ്രവേശനക്കാരനെ ഒഴിപ്പിക്കുന്നതു കഷ്ടതരമാണെന്നാണു് എനിക്കു പ്രീ

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Kuriyppe.]

